MASS GHSS എട്ടിക്കുളം

# നവതരംഗം



ഐതിഹ്യ പെരുമയാലും കാർഷിക സമൃദ്ധിയാലും സമ്പന്നമായ ഏഴിമലയിൽ അറബിക്കടലിന്റെ തീരത്തോട് ചേർന്ന എട്ടിക്കുളം എന്ന പ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചുറ്റും മലകളാലും കടലിനാലും ചുറ്റപ്പെട്ടു കിടക്കുന്ന ഏഴിമല പ്രാചീനമായ തുറമുഖ പട്ടണവും വാണിജ്യ കേന്ദ്രവുമായിരുന്നു. ഏഷ്യയിലെ തന്നെ പ്രസിദ്ധമായ ഏഴിമല നേവൽ അക്കാദമിക്കടുത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ സ്കൂളിലെ വിദ്യാർഥികളിൽ ഭൂരിഭാഗവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളാണ്. ധീര ദേശാഭിമാനി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ പേര്  ഈ സർക്കാർ വിദ്യാലയത്തിന് നൽകി. *1925* പ്രൈമറി വിദ്യാലയമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിൽ *2006* മുതൽ പ്രീ പ്രൈമറി പ്രവർത്തിച്ചുവരുന്നു. *1974* ഹൈസ്കൂൾ വിഭാഗം ആരംഭിച്ചു. *2015* പ്രൈമറി വിഭാഗം ഹൈസ്കൂളിൽ ലയിച്ചതോടെ പ്രീ പ്രൈമറി മുതൽ പ്ലസ് ടു വരെ ഒരു കുടക്കീഴിൽ പ്രവർത്തിച്ചുവരുന്നു. ഹൈസ്കൂൾ ആരംഭിച്ചത് കണക്കിലെടുത്താൽ *2024* സുവർണ്ണ ജൂബിലിയുടെ നിറവിലാണ് ഈ സ്കൂൾ.

## കാര്യ നിർവഹണം
സുരേന്ദ്രൻ കെ പി (ഹെഡ് മാസ്റ്റർ)



## ചീഫ് എഡിറ്റർ
വിലാസിനി ടി വി

## സ്റ്റുഡൻ്റ് എഡിറ്റർ
ആസിം

## എഡിറ്റോറിയൽ ബോർഡ്
ശ്രീജ കെ എൻ
അശ്വതി യു
രേഖ ഇ
സരിഗ
ഗോകുൽ ദാസ് എം
ആസിം
ബാസില തസ്നീം



## സാങ്കേതിക സഹായം
അബ്ദുൽ മാജിദ് .സി
ആഷിർ .സി സി

## ടൈപ്പിംഗ്
അബ്ദുറഹ്മാൻ
ആസിം
അനിരുദ്ധ് എം
സന സീനത്ത്
വൈശാഖ് പി പി
ജാബിർ കെ
മുഹമ്മദ് എ
റസാന ഇ പി



# ആശംസ

## സുരേന്ദ്രൻ കെ പി ( ഹെഡ് മാസ്റ്റർ)

സർഗ്ഗാവിഷ്കാരത്തിന്റെ രംഗവേദിയാണ് ഓരോ വിദ്യാലയവും. എം എ എസ് എസ് ജി എച്ച് എസ് എസ് സ്കൂളിലെ വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രയത്നഫലമായി തയ്യാറാക്കിയ **നവതരംഗം** എന്ന ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ സർഗ്ഗഭാവനയുടെ വാതായനങ്ങൾ തുറക്കുന്ന കലാസൃഷ്ടിയാണ്. ഓരോ കുട്ടിയിലെയും പ്രതിഭയാണ് ഈ മാഗസിനിലെ ഇതളുകളിലൂടെ വെളിവാകുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് ഇത്തരമൊരു മാഗസിൻ നിർമിക്കായി കുട്ടികൾക്ക് ലഭിച്ച അറിവ് പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞത് കുട്ടികളിൽ ആത്മവിശ്വാസം ജനിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

എല്ലാവിധ ആശംസകളും നേരുന്നു.

---

# ആശംസ

## വിലാസിനി ടി വി (ചീഫ് എഡിറ്റർ)

പ്രിയപ്പെട്ടവരെ,

എം എ എസ് എസ് ജി എച്ച് എസ് എസ് സ്കൂളിൽ **നവതരംഗം** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.

ഡിജിറ്റൽ ആവുക എന്നത് ഒരു സാധ്യതയുള്ള കാര്യമാണ്. മാഗസിനുകൾ എപ്പോഴും അറിവുകൾക്കപ്പുറത്തേക്ക് തിരിച്ചറിവുകൾ നൽകുന്നവയാണ്. എല്ലാ കല്മഷങ്ങളിൽ നിന്നും കാലുഷ്യങ്ങളിൽ നിന്നും മോചനം നേടാനുള്ള വലിയ കുതിപ്പിന് മനുഷ്യൻ ഒരുങ്ങുമ്പോൾ ഇത്തരം ഡിജിറ്റൽ മാഗസിനുകളും അതിന്റെ പ്രയാണത്തിന് വഴിയൊരുക്കുമെന്ന് വിശ്വസിക്കുന്നു.
എല്ലാ ആശംസകളും നേരുന്നു.

ബാസില തസ്നീം 9 A

# എൻ പ്രിയ വിദ്യാലയം

ആദ്യം ഭയന്നിടും
ഇപ്പോളരുമയിടം
ആദ്യാക്ഷരംപഠിച്ച
എൻ പ്രിയവിദ്യാലയം

മാമരങ്ങൾക്കിടയിൽ
പൂച്ചെടിക്കിടയിൽ
ടീച്ചറും കൂട്ടുകാരും
സ്നേഹം പകരുമിടം



പാഠം പഠിക്കുവാൻ
ചാടിക്കളിക്കുവാൻ
എന്നും ഞാനെത്തിടുന്നിടം
എൻ പ്രിയ വിദ്യാലയം

Digital paintig by Ashir C C 9 A



# നെയ്യാർ യാത്ര, ഒരു അനുഭവസാക്ഷ്യം

നഫീസത്തുൽ മിസിരിയ 8 A

ഇന്ന് ഡിസം 22 ഏറെ സന്തോഷത്തോടെ അതിരാവിലെത്തന്നെ ഞാൻ ഉണർന്നെണീറ്റു. സ്കൂളിൽ നിന്നും നെയ്യാർ വന്യജീവി സങ്കേതത്തിലെ മൂന്നുദിവസത്തെ ക്യാമ്പിലേക്കുള്ള യാത്ര ഇന്ന് ആരംഭിക്കുകയാണ്. തലേന്ന് തന്നെ ബാഗും ഉടുപ്പും എല്ലാം തയ്യാറാക്കിയിരുന്നു.

പ്രഭാത തണുപ്പിനെ ഒന്നും വകവെക്കാതെ കുഴിമടിയന്മാർ പോലും യൂണിഫോം ധരിച്ച് രാവിലെ 7 മണിക്ക് തന്നെ സ്കൂളിലെത്തിയിരുന്നു. ഞങ്ങൾ 07:15 തന്നെ കൃഷ്ണ ബസ്സിലേക്ക് കയറി റെയിൽവേ സ്റ്റേഷനിലേക്ക് യാത്രയായി. അൽപസമയത്തിനകം ഞങ്ങൾ പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തി .രണ്ടാം പ്ലാറ്റ്ഫോമിലേക്ക് ലഗേജുമായുള്ള യാത്ര ചില കുട്ടികൾക്ക് പ്രയാസകരമായിരുന്നെങ്കിലും പരസ്പര സഹായത്തോടെ സന്തോഷകരമായ അനുഭവം പകർന്നു. റെയിൽവേ സ്റ്റേഷനിൽ രക്ഷിതാക്കളും, പി ടി എ പ്രധിനിധികളും മറ്റു യാത്രക്കാരും, അങ്ങുമിങ്ങും നടന്നു നീങ്ങുന്ന ചായ മറ്റു കച്ചവടക്കാരും മറ്റു ദേശത്തേക്ക് പോകുന്ന തീവണ്ടി ശബ്ദവും എല്ലാംകൂടി മനം നിറച്ച അനുഭവം പകർന്നു. ഇടക്കിടെ പലരും ഫോട്ടോക്ക് പോസ് ചെയ്യുന്നുണ്ടായിരുന്നു. "അടുത്തത് ഞങ്ങളുടെ ട്രെയിനാണ് വേഗം റഡിയാകൂ" സതീശൻ മാസ്റ്ററുടെ മുന്നറിയിപ്പോടെ എല്ലാവരും ഒന്നു കൂടി യാത്രക്കാരുങ്ങി. ട്രെയിൻ എത്തി ,ഒട്ടും സമയം പാഴാക്കാതെ എല്ലാവരും വണ്ടിയിൽ കയറി.

പ്ലാറ്റ്ഫോമിൽ നിന്നും കണ്ണെത്തുവോളം എന്നെ നോക്കി നിന്ന അമ്മയോട് യാത്ര പറഞ്ഞ് ഞങ്ങൾ യാത്രതുടങ്ങി.....




ട്രെയിനിൽ കയറുമ്പോൾ തിരക്കായിരുന്നെങ്കിലും കുറച്ച് കഴിയുമ്പോഴേക്കും എല്ലാവർക്കും സീറ്റ് കിട്ടി.ശേഷം യാത്ര കൂടുതൽ സന്തോഷകരമായി പുറം കാഴ്ചകൾ ആസ്വദിച്ചും പാട്ടു പാടിയും സമയം പോയതറിഞ്ഞില്ല,

ഞങ്ങൾക്കായി സതീശൻ മാഷ് എത്തിച്ച നേന്ത്രപ്പഴങ്ങൾ ആവോളം കഴിച്ചതു കാരണം വിശപ്പ് തോന്നിയതേയില്ല.എങ്കിലും ഞങ്ങൾ കൊണ്ടുവന്ന ഭക്ഷണപ്പൊതികൾ എല്ലാവരും എടുത്ത് പങ്കുവെച്ച് കഴിച്ചു. യാത്ര തുടർന്നും ഏറെ രസകരമായി തുടർന്നു.

രാത്രി 9 മണിയോടെ ഞങ്ങൾ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങി. എല്ലാവരും ബാഗും സാധനങ്ങളുമായി തലസ്ഥാന നഗരപാതയിലൂടെ അല്പം നടന്ന് ശിക്ഷക് സദനിൽ എത്തി അവിടെയാണ് ഞങ്ങൾക്ക് താമസം ഒരുക്കിയിരുന്നത്. തൊട്ടു നിന്ന ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ചു. അപ്പോഴേക്കും ക്രിസ്മസ് അപ്പൂപ്പനും കരോളും അവിടെ എത്തി .അവരോടൊപ്പം ഞങ്ങൾ കുറേ സമയം ചെലവഴിച്ചു. ശേഷം റൂമിൽപോയി കൂട്ടുകാരോടൊത്ത് കിടന്നുറങ്ങി.



ഏറെ പ്രതീക്ഷയോടെ ഞങ്ങൾ രാവിലെ 5 മണിക്ക് തന്നെ എഴുന്നേറ്റു. എല്ലാവർക്കും ഏറെ സന്തോഷമായിരുന്നു. നല്ല റൂമുകളും സ്വകര്യങ്ങളും ആയിരുന്നു. വളരെ പെട്ടെന്ന് തന്നെ ഞങ്ങൾ കുളി കഴിഞ്ഞ് വസ്ത്രങ്ങൾ മാറി, നിരവധി ഫോട്ടോകൾ എടുത്തു. എല്ലാവരും ചായയും കടിയും കഴിക്കുമ്പോഴേക്ക് ബസ്സ് എത്തിയിരുന്നു.ആദ്യം എല്ലാവർക്കും സീറ്റിലിരിക്കാൻ തിരക്കായിരുന്നു. പിന്നെ

പാട്ട് വച്ചപ്പോൾ എല്ലാവരും ഡാൻസ് കളിക്കാൻ തുടങ്ങി. ബസ്സ് തിരുവനന്തപുരം ഇൻ്റർ നാഷണൽ എയർപോർട്ടിൽ എത്തി. ഞങ്ങൾ എല്ലാവരും ബസ്സിൽ നിന്നും ഇറങ്ങി മനോഹരമായ എയർ പോർട്ടും അനുബന്ധ സംവിധാനങ്ങളും കണ്ട് ആശ്ചര്യപ്പെട്ടു. കുറേ ഫോട്ടോകൾ എടുത്തു. ശേഷം ബസ്സിൽ കയറി പെട്ടെന്ന് തന്നെ ശംഖുമുഖം ബീച്ചിൽ എത്തി. അവിടെ പാർക്കിൽ ഉണ്ടായിരുന്ന യക്ഷിയുടെ പ്രതിമക്ക് മുന്നിലും ,ഇന്ത്യൻ ആർമി മുമ്പ് ഉപയോഗിച്ച ഹെലിക്കോപ്റ്ററിനു ചുറ്റും നിന് ഒറ്റക്കും കൂട്ടായും ഫോട്ടോകൾ എടുത്തു. ശേഷം തിരുവനന്തപുരത്തിന്റെ മനോഹാരിത വിളിച്ചോതുന്ന ബീച്ചിൽ എത്തി. മഞ്ഞുമൂടിയ കടൽത്തീരം ,അങ്ങിങ്ങ് മണൽപ്പരപ്പിൽ കൂട്ടുകൂടിയിരിക്കുന്ന  സുഹൃത്തുക്കൾ, വലക്കാരും തോണിക്കാരും ഏറെ, ഇവർക്കിടയിലൂടെ തണുപ്പകറ്റാൻ പൂഴിയിൽ കിടന്നുരുളുന്ന പട്ടികളെ തട്ടാതെ കൽമണ്ഡപം ലക്ഷ്യമാക്കി ഞങ്ങൾ നീങ്ങി. കൽമണ്ഡപത്തിൽ നിന്നും കുറച്ച് ഫോട്ടോ എടുത്ത് ഞങ്ങൾ ഭക്ഷണത്തിനായി അടുത്ത് ഒരുക്കിയ ഹോട്ടലിലേക്ക് യാത്രയായി ബീച്ചിൽ തന്നെ റോഡിനരികിൽ ഒരമ്മമ്മയും അച്ചാച്ചനും ഭക്ഷണം തയ്യാറാക്കി ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ എല്ലാവരും കടൽക്കാറ്റ് കൊണ്ട് ആവോളം ഭക്ഷണം കഴിച്ച് ബസ്സിൽ കയറി.

ഞങ്ങളുടെ ബസ്സ് നേരെ പോയത് വേളി ടൂറിസം വില്ലേജിലേക്കാണ്. മനോഹരമായ, കളി ഉപകരണങ്ങൾ നിറഞ്ഞ വലിയ പാർക്ക്, ഊഞ്ഞാലുകൾ, വിവിധ തരം സ്ലൈഡറുകൾ, ടോയ് ട്രെയിൻ, ടോയ് ട്രെയിൻ റെയിൽ പാളം, വലീയ ശംഖ് ശില്പം തീർത്ത ആമ്പൽ കുളം അതിൽ മത്സ്യങ്ങൾ ഉല്ലസിക്കുന്നു. ചുറ്റും കണ്ണിന് കുളിർ പകരും വിധംമനോഹരമായി ഒരുക്കിയ ഓർക്കിഡ്സസ്യങ്ങൾ നിറയെ പൂത്തുലഞ്ഞ് നിൽക്കുന്നു. സ്വയം മറന്ന് ആർത്തുല്ലസിക്കുന്ന കുട്ടികളുടെ കർണ്ണാനന്ദകരമായ ശബ്ദത്താൽ മുഖരിതമായ ചുറ്റുപാടിൽ നിന്നും നീങ്ങാൻ മനസ്സ് അനുവദിച്ചില്ല ,എങ്കിലും സമയപരിമിതി മൂലം ഞങ്ങൾ തൊട്ടടുത്ത വേളി കടലോരത്തേക്ക് യാത്രയായി . അവിടെ നിറയെ കടകളുണ്ടായിരുന്നു. ഞങ്ങൾ അവിടെ നിന്ന് സാധനങ്ങൾ വാങ്ങി ഗെയിം കളിച്ച് കുതിരയെ കണ്ടു. വീണ്ടും യാത്രയായി.ഞങ്ങൾ മ്യൂസിയത്തിലെത്തി ശ്രീവിഷ്ണുവിൻ്റെയും ബുദ്ധന്റെയും മറ്റു വ്യക്തികളുടേയും നൂറ്റാണ്ടുകൾ പഴക്കമുള്ള ശില്പങ്ങൾ കണ്ടു നല്ല ദംഗിയുണ്ടായിരുന്നു. അവിടുന്ന് നേരെ ഞങ്ങൾ മൃഗശാലയിൽ എത്തി ഞാനിതുവരെ കാണാത്തതും കണ്ടതുമായ ഒരുപാട് മൃഗങ്ങളെയും പക്ഷികളെയും കണ്ടു. കടുവ, മാൻ മ്ലാവ്, പുലി, സിംഹം, ആന, തത്ത, ഒട്ടകപ്പക്ഷി എന്നിവയെല്ലാം കണ്ടു. അവിടുന്ന് ഞങ്ങൾ ദക്ഷണം കഴിച്ചു പിന്നീട് നേരെ നെയ്യാർ വന്യജീവി സങ്കേതത്തിലേക്ക് യാത്രയായി.






ഞങ്ങൾ നേരെ റൂമിലേക്ക് പോയി കുളിച്ചുമാറ്റി ക്ലാസിലിരുന്നു. അവിടുത്തെ സർ ആ സ്ഥലത്തെ കുറിച്ചു വിവരിച്ചു. കൂടാതെ കാണുന്നതെല്ലാം എഴുതി. വെക്കാൻ ഒരു ബുക്കും പേനയും തന്നു. പിന്നിട് സർ പറഞ്ഞത് മുഴുവൻ ഞങ്ങൾ എഴുതിവെച്ചു. 8 മണി ആയപ്പോഴേക്കും ഞങ്ങളൊരുമിച്ചിരുന്ന് കഞ്ഞികുടിച്ചു. അങ്ങനെ ഞങ്ങളും ടീച്ചറും ചേർന്ന് കള്ളനും പോലീസും കളിച്ചു.ചിപ്സ് തിന്നു കിടന്നുറങ്ങി.



രാവിലെ എഴുന്നേറ്റു ഭക്ഷണം കഴിച്ച് ഞങ്ങൾ ഫോറസ്റ്റിലെത്തി. കുറേ നടക്കാനുണ്ടായിരുന്നു. ഞങ്ങൾ കുറേ മരങ്ങൾ കണ്ടു. ആനയെ കണ്ടു. ഒരു കടയിൽ കയറി ചായ കുടിച്ചു. വീണ്ടും നടക്കാൻ തുടങ്ങി. തിരിച്ച് റൂമിലെത്തി. ഉച്ച ഭക്ഷണം കഴിച്ച ശേഷം വീണ്ടും ഞങ്ങൾ വൈകുന്നേരം ചുറ്റിക്കണ്ടു കണ്ടതെല്ലാം നോട്ടിൽ കുറിച്ചു. കുറച്ച് സമയം കഴിഞ്ഞപ്പോൾ ഞങ്ങൾ ഐസ്ക്രീം തിന്നു. വീണ്ടും നടന്ന് റൂമിലെത്തി. ഞങ്ങൾ ക്ലാസിലിരുന്നു. ഒപ്പന കളിച്ചു പാട്ടുപാടി. അങ്ങനെ ആ ദിവസവുംകഴിഞ്ഞു പോയി. വീണ്ടും രാവിലെയായി
കാപ്പി കുടിച്ച് ബോട്ടിൽ യാത്ര ചെയ്തു. അങ്ങനെ ഞങ്ങൾ ഡാമിലെത്തി. നല്ല കാഴ്ചയായിരുന്നു. വെള്ളം വീഴുന്നതുകാണാൻ നല്ല ദംഗിയായിരുന്നു. ഏകദേശം ഉച്ചയായപ്പോൾ വീണ്ടും മടങ്ങി റൂമിലെത്തി. 2:50 ന് ഞങ്ങൾ അവിടെ നിന്നും യാത്രയായി
കെഎസ്ആർടിസി ബസ്സിൽ കയറി റെയിൽവേ സ്റ്റേഷനിൽ എത്തി. കുറേ സമയം കാത്തുനിന്നു ട്രെയിൻ വന്നു. തിരിച്ച് നാട്ടിലേക്ക് യാത്രയായി ഒരിക്കലും മറക്കാൻ കഴിയാത്ത ഒരനുഭവമായിരുന്നു ഈ യാത്ര.



# साहसी लायरा




एक ऐसे क्षेत्र में जहां जादू हवाओं के साथ नाचता था और ड्रेगन आसमान में घूमते थे, वहां लायरा नाम की एक युवा प्रशिक्षु रहती थी। आग की लपटों के समान भयंकर दिल के साथ,



जिसे उसने बुलाने का सपना देखा था, उसने सेराफिन के खोए हुए ताबीज को खोजने की खोज शुरू कर दी, जिसके बारे में कहा जाता है कि उसके पास राज्य में संतुलन बहाल करने की कुंजी है। एक प्राचीन मानचित्र द्वारा निर्देशित और पक नामक एक शरारती प्रेत की सहायता से, लायरा ने मंत्रमुग्ध जंगलों, विश्वासघाती पहाड़ों और झिलमिलाती झीलों के माध्यम से यात्रा की। रास्ते में, उसे काले जादूगरों और चालाक जानवरों का सामना करते हुए साहस और ज्ञान की परीक्षाओं का सामना करना पड़ा। लेकिन प्रत्येक चुनौती के साथ, लायरा मजबूत होती गई, मंत्रों में महारत हासिल की और ताबीज की शक्ति के रहस्यों को उजागर किया। और जब वह अंततः उस छिपे हुए मंदिर में पहुँची जहाँ ताबीज निष्क्रिय पड़ा था, तो उसे अपनी अंतिम परीक्षा का सामना करना पड़ा: सभी की भलाई के लिए अपना जादू चलाना या अंधेरे के प्रलोभनों के आगे झुकना। अटूट संकल्प के साथ, लायरा ने प्रकाश का मार्ग चुना, ताबीज की ऊर्जा का उपयोग उन छायाओं को दूर करने के लिए किया जो भूमि को घेरने की धमकी दे रही थीं। और जैसे ही एक नई सुबह का सूरज उगा, लायरा घर लौट आई, लोगों ने उसके साहस का जश्न मनाया, जिसकी उसने रक्षा करने की शपथ ली थी, हमेशा उस नायक के रूप में याद किया जाता है जिसने सपने देखने की हिम्मत की और अपने भीतर मौजूद जादू पर विश्वास करने की हिम्मत की।

# എന്റെ ബാപ്പുജി

ഹാദിയ ഫാത്തിമ 3 A



മോഹൻദാസ് കരംചന്ദ് ഗാന്ധി അഥവാ മഹാത്മാഗാന്ധി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വലിയ പങ്കുവഹിച്ച നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവാണ് ഗാന്ധിജി. 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ കരംചന്ദ് ഗാന്ധിജിയുടേയും പുത്‌ലീഭായിയുടയും ഇളയ മകനായി ജനിച്ചു.

മാതാപിതാക്കൾ അദ്ദേഹത്തിൻന്റെ സ്വഭാവ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം നിയമം പഠിക്കാനായി ഇംഗ്ലണ്ടിലേക്ക് പോയി. 1915 ൽ ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ചുകൊണ്ട് ബ്രിട്ടീഷുകാർക്കെതിരെ പോരാടി. എന്റെ സത്യാന്വഷണ പരീക്ഷണങ്ങൾ എന്നാണ് അദ്ദേഹത്തിന്റെ ആത്മകഥയുടെ പേര്.
സത്യം മാത്രമേ പറയാവൂ എന്ന് ഗാന്ധിജി ഉപദേശിച്ചു. 1948 ജനുവരി 30ന് അദ്ദേഹം കൊല്ലപ്പെട്ടു.

# അഫ്നയുടെ കുസൃതി

അഫ്ന കെ 3 A



ഒരു കുട്ടിക്കാലത്ത് ഞാൻ എന്റെ പാവയെയും കൂട്ടി കളിക്കുകയായിരുന്നു. പാവയ്ക്ക് ഞാൻ വളയിട്ടുകൊടുത്തും കല്ലമാലയിട്ടും കുഞ്ഞി ഉടുപ്പ് ഇട്ടുകൊടുത്തും കളിച്ചു.

ഉമ്മ എന്റെ അടുത്ത് നിന്ന് പോയപ്പോൾ ഞാൻ കൺമഷിയുടെ മൂടി തുറന്ന് മുഖം മുഴുവനും തേച്ചുകുടഞ്ഞു. പാവക്കും തേച്ചുകൊടുത്തു. ഉമ്മ എന്നെ കണ്ടതും ചിരിച്ചു വീണു.

# എന്റെ കടലനുഭവം

ആദിഷ്.കെ 8 A



ഏഴിമലയുടെ താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന അറബിക്കടലിന്റെ സൗന്ദര്യം ഒരു ഹരം തന്നെയാണ്. എത്ര കണ്ടാലും മതിവരാത്ത അശാധനീലിമ. ഒഴിവു ദിവസങ്ങളിൽ ഞങ്ങൾ ബീച്ചിൽ പോകാറുണ്ട്. അതിവിശാലമായ കടപ്പുറം പഞ്ചസാര മണലിലേക്ക് ഓടിച്ചാടി കളിച്ച് ചിരിച്ച് വരുന്ന സൗമ്യമായ തിരമാലകൾ.. അനുജത്തിയും ഞാനും തിരമാലകളിൽ കാൽ നനച്ചു. കരയിലേക് ഓടി വരും തിരമാലയും ഞങ്ങളുടെ കൂടെ വരും. തിരമാലക്ക് എന്നോട് പല കഥയും പറയാനുള്ളതായി എനിക്കുതോന്നും. തിരമാലയുടെ ശബ്ദം അതിമനോഹരമായ ഒരു പാട്ടാണ്. കരയിലേക്ക് കയറിവന്ന് ചെറു കുഴികളുണ്ടാക്കി പരക്കം പായുന്ന ഞണ്ടുകളെ കാണാൻ വളരെ മനോഹരമാണ്. അറബിക്കടലിൻറെ സൗന്ദര്യം കാണണമെങ്കിൽ എട്ടിക്കുളം ലൈറ്റ് ഹൗസിന്റെ മുകളിൽ കയറണം. ഇപ്പോൾ അവിടേക്ക് ആളുകളെ കയറ്റുന്നില്ല കാരണം അത് ഇപ്പോൾ നേവൽ അക്കാദമിയുടെ പരിധിക്കുള്ളിലാണ്.

ഒരിക്കൽ ഞാൻ എന്റെ ഏട്ടന്റെ കൂടെ കടലിൽ കളിക്കാൻ പോയി ഏട്ടൻ വേഗം കളിച്ചുകയറി ഞാൻ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വലിയ തിരവന്നു എന്നെ വലിച്ചുകൊണ്ടു പോയി. ഞാൻ ആകെ പേടിച്ചു. പെട്ടെന്ന് ഏട്ടൻ എന്നെ വലിച്ചു കയറ്റി.
എങ്കിലും ഞാൻ നിരന്തരം ബീച്ചിൽ പോകാറുണ്ട്. രാതികാലങ്ങളിൽ ലൈറ്റ് ഹൗസിൽ നിന്ന് വരുന്ന പ്രകാശത്തിൽ കടൽ സുന്ദരിയായി മാറുന്നു. അത് കാണേണ്ട കാഴ്ചയാണ്.
വൈകുന്നേരങ്ങളിൽ അസ്തമയ സൂര്യൻ കടലിലേക്ക് താഴുന്നതുപോലെ തോന്നും സൂര്യന് അപ്പോൾ ചുവപ്പ് നിറമാണ്. പ്രകൃതിയിലെ മനോഹരമായ ഒരു കാഴ്ചയാണ് അത്. കടലിലെ കാഴ്ചകൾ എത്രകണ്ടാലും മതിവരില്ല.

അച്ഛന്റെ വിളിവന്നാലെ വീട്ടിലേക്ക് തിരിച്ച് പോകയുള്ളൂ .